# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 773 | 28.09.2011-ലെ മറുപടിക്ക്

## കിളിമാനൂർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ സപ്ലൈ വിഭാഗം നടപ്പിലാക്കുന്ന ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ കുടിവെള്ള പദ്ധതി (കിളിമാനൂർ പഴയകുന്നുമ്മേൽ-മടവൂർ പഞ്ചായത്തുകൾ ഉൾപ്പെട്ടത്) സ്ഥലമെടുപ്പ് പൂർത്തിയായ സ്ഥിതിയിൽ പദ്ധതി നിർവ്വഹണ നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതിയുടെ നാല് പാക്കേജുകളുടെ (പഞ്ചായത്ത് സ്ഥലം ഏറ്റെടുത്തവ) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും പി.ഡബ്ല്യു.ഡി റേറ്റ് റിവിഷൻ വന്നതിനാൽ അതു പ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നു. ഈ റിവൈസ്സ് എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) പദ്ധതിക്ക് എത്ര തുകയാണ് അടങ്കൽ പ്രതീക്ഷിക്കുന്നത്; | (ബി) | ഈ പദ്ധതിയുടെ ഭരണാനുമതി തുക 3100 ലക്ഷം രൂപയാണ്. |
| (സി) പദ്ധതി എന്ന് ടെൻഡർ ചെയ്യാൻ കഴിയുമെന്നും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് എന്നും വിശദമാക്കാമോ; | (സി) | പദ്ധതിയുടെ വിവിധ പാക്കേജുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്ന മുറയ്ക്ക് ടെൻഡർ വിളിക്കുന്നതാണ്. പഴയകുന്നുമ്മേൽ വില്ലേജിലെ പതിനൊന്ന് (11) വാർഡിനും മടവൂർ വില്ലേജിലെ 12 വാർഡിനും കിളിമാനൂർ വില്ലേജിലെ എല്ലാ വാർഡിനും ഈ പദ്ധതി കൊണ്ട് ഗുണം ലഭിക്കും. |

| | | |
|---|---|---|
| (ഡി) | പദ്ധതി നിർവ്വഹണത്തിന് എന്തെ ങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) കിളിമാനൂർ പഴയകുന്നുമ്മേൽ മടവൂർ പഞ്ചായത്തുകൾക്കുവേണ്ടി കുടിവെള്ള പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് ഏറ്റെടു ക്കുന്ന സ്ഥലങ്ങൾ നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ പേരിൽ കൈമാറേണ്ട തായിട്ടുണ്ട്. കൂടാതെ തട്ടത്തുമലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പമ്പ് ഹൗസിന് വേണ്ടിയുള്ള പത്ത് സെന്റ് സ്ഥലം ഗ്രാമപ ഞ്ചായത്ത് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത സ്ഥലങ്ങൾ വാട്ടർ അതോറിറ്റിയ്ക്ക് നിയമാനുസരണം കൈമാറുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അനുമതിക്കായി എഴു തിയിട്ടുണ്ടെന്നും പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ